CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# നസ്രാണി

ശ്ലീഹാ 2010

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# റമ്പാൻപാട്ട്

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



1 സാക്ഷാൽദൈവംമൂവ്വൊരുവൻതാൻ
2 മാർത്തോമ്മായുടെസുകൃതത്താൽ
3 സൂക്ഷ്മമാതായിചരിതംപാടുവ-
4 തിന്നടിയനു തുണയരുളെണമെ
5 മർത്ത്യവതാരം ചെയ്തൊരുഞങ്ങടെ
6 രക്ഷകനാമേകൻ മിശിഹാ (1)
7 മാർത്തോമ്മായാൽ തന്നഗുണങ്ങൾ
8 ഇന്നും പുതുതായരുളണമെ
9 ദൈവ ഗുണങ്ങൾക്കമ്മെയിതെന്നയ്
10 മാർത്തോമ്മാകാട്ടിയനാഥൻ
11 തന്നുടെ മാതാവാകിയമറിയം (2)
12 എന്നിൽകൃപ ചെയ്തരുളണമെ
13 ദൈവകുമാരൻ തന്നുടെ മാർഗ്ഗം
14 കേരളമായതിൽവന്നവിധം
15 ദൈവത്തിൻ കൃപയാലതിനെ ഞാൻ
16 എളുതായിവിടെപാടുന്നു
17 അരുൾമാർഗ്ഗത്തിൻഗുരുവരനാകിയ
18 മമനാമകനാം മാർത്തോമ്മാ
19 പെരുമാൾ ചൊഴന്റാളായുള്ളൊരു
20 രാവാനോടുസഹിതംകൂടി
21 അറബിയായിൽക്കപ്പൽകയറി
22 മാല്യാൻകരെവന്നെത്തിയിത
23 അറിവിൻപറവെൻമിശിഹാകാലം
24 അമ്പതുധനുവംരാശിയതിൽ.

------------------------------------------------------------

(1) 6 രക്ഷകനീശോതന്നുടെശ്ലീഹാ

(2) 10 മാർത്തോമ്മാകാട്ടിയനാഥ

11 ദൈവത്തിൻ മാതാവാം മറിയം

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



അതിശയകൃതിയാലഷ്ടദിന കൊ
ണ്ടവിടെമാർഗ്ഗം സ്ഥാപിച്ചു .
അതിനുടെശേഷംധൃതഗതികൊണ്ടു
ഉടനെ മൈലാപ്പൂരെത്തി
നാലരമാസംതാനവിടെയറിയി-
ച്ച്ചതിൽപിൻചീനത്തെത്തി
നാലരമാസമവിടെയുമറിയി-
ച്ചങ്ങനെമൈലാപ്പൂർവന്നു
ഏ്യതാനുംചിലമുതലുകൾകൂടെ
ചോഴപ്പെരുമാളിൽനിന്നു
ഏ്യതാനുംചിലപണികൾക്കായി
വീണ്ടും മാർത്തോമ്മാവാങ്ങി
എളിയജനങ്ങടെയാദരവിന്നായ്
ആമുതലെല്ലാം ചിലവാക്കി
എളിയജനത്തിൻ ദാതാവായി-
ട്ടറിയിച്ച്ചു താൻ മാർഗ്ഗത്തെ
ഒരുമാസത്തിനിടയിൽ തിരികെ
കേരളനാട്ടിൽതാൻവരുവാൻ
തിരുവഞ്ചിക്കുളത്തരചൻമരുമക-
നാദേശത്തിൽചെന്നെത്തി
തൃക്കാൽമുത്തിയപേക്ഷകഴിച്ചു
കപ്പലിൽയാത്രഅവർചെയ്തു.
തർക്കംകൂടാ തംബത്തോന്നാം
ധനുവിൽമാല്യാങ്കരെവന്നു
രാജകുടുംബത്തോടെ കാവ്യർ
മൂവായിരമവിശ്വാസികളും (3)

---

(3) 50 നാലായിരമവിശ്വാസികളും

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



51 രാജ്യത്തിങ്കൽവന്നുവസിക്കും

52 നാൽപതുയൂദഗണങ്ങളുമായ് (4)

53 ഒന്നരവർഷങ്ങൾകുള്ളിടയിൽ

54 മാമ്മോദീസ്സാകൈകൊണ്ടു

55 വന്ദനങ്ങൾക്കായ് സ്ഥപിച്ചിവിടെ

56 സ്ലീവായോടെആലയവും

57 വേദഗുരുക്കളുമാചാര്യർകളു-

58 മാവാനായൊരുനന്മകളും

59 വേദരഹസ്യത്തിന്നറിവുകളും

60 പരസമ്മതമായ്താൻനല്കി

61 അരചാളുന്നൊരുമന്നവനാകും

62 അന്ത്രയോസേന്നാളുടെ

63 മരുമാകനാകുംകെപ്പായിക്കു

64 കല്പിച്ചുതാൻഗുരുപ്പട്ടം

65 കല്ലാംകേപ്പായെകൂട്ടാക്കി

66 ദക്ഷിണദേശേതാൻപോയി

67 കൊല്ലംഗ്രമമതിലൊരുവർഷം

68 അറിയിച്ചുതാൻമാർഗ്ഗത്തെ

69 ഒരായിരമൊടുനാനൂർപേരെ (5)

70 മാമ്മോദീസായുംമുക്കി

71 ആരാധനകൾക്കായൊരുസ്ലീവാ

72 സ്ഥാപിച്ചുതാനവിടത്തിൽ

73 കിഴക്കുവടക്കായ്നടകൊണ്ടങ്ങനെ

74 തൃക്പാലേശ്വരത്തെത്തി

75 അഴകാലവിടെയുമൊരുവർഷത്തിട

---

(4) 52 നാല്പതുയൂദജനങ്ങളുമായ്

69 ഈരായിരമൊടുനാനൂർപേരെ

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



76 അറിയിച്ചുതാൻമാർഗ്ഗത്തെ

77 ഓരായിരമോടിരുനൂർപേരെ

78 മാമ്മോദീസായുംമുക്കി

79 ആരാധനകൾക്കായൊരുസ്ലീവാ

80 സ്ഥാപിച്ചുതാനവിടെയ്ക്കും

81 കിഴക്കൻവഴിയായവിടുന്നുടനെ

82 മലനഗരംചായൽക്കെത്തി

83 പിഴയാതവിടെയുമൊരുവർഷത്തിട

84 അറിയിച്ചുതാൻമാർഗ്ഗത്തെ

85 ഓരായിര മൊടോരുനൂർപേരെ (6)

86 മാമ്മോദീസായുംമുക്കി

87 ആരാധനമുറയോടെസ്ലീവ

88 സ്ഥാപിച്ചുതാനവിടെയ്ക്കും

89 തിരികെ താനവിടേയ്ക്ക് വരുവാൻ

90 തൃക്പാലേശ്വരമൂപ്പന്മാർ

91 ഇരുവരുടേയുംമുട്ടിപ്പാലെ

92 അവരോടെതാൻ യാത്രയുമായ്

93 ശുദ്ധതയോടിവർവന്ദിക്കുന്ന

94 സ്ലീവായെആഗ്രാമക്കാർ

95 അശുദ്ധതചെയ്തവർനിന്ദിച്ചതിനാൽ

96 ശാപംചെയ്തിതുഗ്രാമത്തെ

97 ഇരുമാസങ്ങൾക്കിടകൊണ്ടവിടെ

98 കർമാദികളെചെയ് വാനായ്

99 അരുൾവേദറിവുകൾ സകലത്തേയും

100 പരസമ്മതമായ് നല്കിതാൻ

101 ഇരുമന്നവരിൽ തോമ്മായെതാൻ

102 ഗുരുപ്പട്ടത്തിൽസ്ഥാപിച്ചു

-----------------------------------------------

(6) 8 ഈരായിരമോടെണ്ണൂർപേരെ

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART